(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആരോഗ്യവകുപ്പിലെ സ്ഥലംമാറ്റം

1 (690) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മുതലായ തസ്തികകളിലെ സ്ഥലം മാറ്റം അട്ടിമറിക്കപ്പെട്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യക്തമായ കോടതിവിധി ഉണ്ടായിട്ടും ആയത് അവഗണിച്ചാണ് പ്രസ്തുത തസ്തികകളിലെ സ്ഥലം മാറ്റം അട്ടിമറിക്കുന്നതെന്ന ഉദ്യോഗാർത്ഥികളുടെ പരാതി പരിഗണിക്കുമോ;

(സി) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി പരിശോധിക്കുന്നതാണ്.

(സി) ബാധകമല്ല.

സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ താലൂക്ക് ആശുപത്രിയായി ഉയർത്തിയതിന്റെ വിവരങ്ങൾ

2 (691) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്;

(ബി) ആശുപത്രികളുടെ പേരും അപ്ഗ്രേഡ് ചെയ്ത തീയതിയും അറിയിക്കാമോ

ഉത്തരം

(എ&ബി) 1. 14-3-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 86/2013/ ആ.കു.വ. തീയതി പ്രകാരം തിരുവനന്തപുരം ഫോർട്ട് സാമൂഹികാരോഗ്യകേന്ദ്രം,

LIBRARY ARCHIVES Kerala Legislative Assembly

2. 26-9-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 395/2013/ ആ.കു.വ. പ്രകാരം കോഴിക്കോട്, ബാലുശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രം,

3. 1-11-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 434/2013/ ആ.കു.വ. പ്രകാരം വണ്ടൂർ സാമൂഹികാരോഗ്യകേന്ദ്രം, മലപ്പുറം,

4. 13-12-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 484/2013/ ആ.കു.വ. പ്രകാരം അരീക്കോട് സാമൂഹികാരോഗ്യകേന്ദ്രം, മലപ്പുറം,

5. 12-2-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 48/2014/ ആ.കു.വ. പ്രകാരം എറണാകുളം പള്ളുരുത്തി സാമൂഹികാരോഗ്യ കേന്ദ്രം,

6. 18-11-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 263/2015/ ആ.കു.വ. പ്രകാരം ഇടുക്കി കട്ടപ്പന സാമൂഹികാരോഗ്യ കേന്ദ്രം എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലി ചെയ്യുന്ന വെൽഫെയർ സെന്ററുകളുടെ വാടക കുടിശ്ശിക

3 (692) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലിചെയ്യുന്ന വെൽഫെയർ സെന്ററുകളുടെ വാടക കുടിശ്ശിക എത്രകൊണ്ടാണ് സർക്കാർ നൽകാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) വാടക നൽകാത്തതു സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർമാരോ ആരോഗ്യ വകുപ്പ് ഡയറക്ടറോ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ, എങ്കിൽ ആയത് ശ്രദ്ധയിൽപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly